# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 6749

12.07.2012-ൽ മറുപടിക്ക്.

### ഗെയിൽ - പെട്രോനെറ്റ് പ്രകൃതിവാതകക്കുഴൽ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗെയിൽ - പെട്രോനെറ്റ്, കൊച്ചി - ബംഗളൂരു മാംഗ്ലൂർ എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതിയുടെ സാധ്യതാപഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; | (എ) സാധ്യതാ പഠനം EIL ഉം, പരിസ്ഥിതി ആഘാത പഠനം CHILWORTH, MECON എന്നീ ഏജൻസികളുമാണ് നടത്തിയത്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ പാരിസ്ഥിതിക അനുമതി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുണ്ടോ; ഇതിലേക്ക് നിയമപ്രകാരമുള്ള പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. നിർദ്ദിഷ്ട പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു ആവശ്യമായ പാരിസ്ഥിതിക അനുമതിക്കായി വേണ്ട കത്തിടപാടുകൾ നടത്തുകയും പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ചട്ടങ്ങൾ അനുസരിച്ച് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. Notify ചെയ്ത critically polluted area, വന്യമൃഗ സങ്കേതം തുടങ്ങിയവയിൽ കൂടി പോകാത്തതിനാൽ നിയമപ്രകാരമുള്ള പബ്ലിക് ഹിയറിംഗ് ആവശ്യമില്ല എന്നതിനാൽ ഇവ നടത്തിയിട്ടില്ല. EIA Notification 2006 ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (സി) കൊച്ചി റിഫൈനറിയിൽ നിന്ന് കോയമ്പത്തൂരിലെ കരൂർ വരെ നിലവിൽ പെട്രോളിയം ലൈനിനു വേണ്ടി പെട്രോനെറ്റ് കമ്പനി ഏറ്റെടുത്ത് ഉപയോഗിച്ച് വരുന്ന സ്ഥലം മുഴുവനായോ ഭാഗികമായോ പ്രസ്തുത ഗ്യാസ് പൈപ്പ് ലൈനിനുവേണ്ടി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ; | (സി) ഇല്ല. പൊതുജനങ്ങളുടെ ആവശ്യാനുസരണം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും തുടർന്ന് CCK-Petronet രേഖാമൂലം വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തതിനാൽ പെട്രോനെറ്റ് കമ്പനി ഏറ്റെടുത്ത് ഉപയോഗിച്ചു വരുന്ന സ്ഥലം ഗ്യാസ് പൈപ്പ് ലൈനിനു വേണ്ടി ഉപയോഗിക്കുവാൻ ആലോചിക്കുന്നില്ല. |

| | |
|---|---|
| (ഡി) പ്രസ്തുത ഗ്യാസ് പൈപ്പ് ലൈൻ ജനവാസമേഖലയിലൂടെയായതിനാൽ ഇതു കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ഡി) മേൽ പറഞ്ഞ പൈപ്പ്ലൈൻ P&MP Act പ്രകാരം കോമ്പിറ്റന്റ് അതോറിറ്റിയുടെ പരിശോധനക്കുശേഷമാണ് നടപ്പിലാക്കുന്നത്. ജനവാസകേന്ദ്രം ഒഴിവാക്കിയാണ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നത്. പൈപ്പ്ലൈൻ കടന്നുപോകുന്ന മേഖലകളിൽ വീടുകൾ പൊളിക്കുകയോ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലോ പൈപ്പുലൈൻ സ്ഥാപിക്കുന്നതല്ല. Restricted RoU പ്രയോഗത്തിൽ കൊണ്ടുവന്ന് ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി ദൂരീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ